‘YOവാവ്’: തൃശൂരിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചെത്തിയ കലാകാരികൾക്കൊപ്പം, കുർക്കഞ്ചേരി സ്വദേശി അമൽ ഉണ്ണികൃഷ്ണൻ ഫോട്ടോയ്ക്കു പോസ് ചെയ്തപ്പോൾ. മുടിയിൽ നിറം ചാലിച്ചെത്തിയ ഈ യുവാവ് കലോത്സവ നഗരിയിലെ ശ്രദ്ധാകേന്ദ്രമായിരുന്നു.

പുലിപ്പേടി: കലോത്സവത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു പുലിവേഷം കെട്ടിയെത്തിയവരെക്കണ്ടു ഭയന്നുകരയുന്ന കുട്ടി.

പീലിച്ചന്തം: ഉദ്ഘാടനച്ചടങ്ങിലെ ‘നൃത്തവിസ്മയം’ പരിപാടിയിൽ അവതരിപ്പിച്ച മയിലാട്ടം.

തുടക്കം സെൽഫി: ഉദ്ഘാടനത്തോടനുബന്ധിച്ചു തിരുവാതിര അവതരിപ്പിക്കാനെത്തിയവർ ഒത്തുചേർന്നു സെൽഫിയെടുക്കുന്നു.

കേരള സ്കൂൾ കലോത്സവം
ജനുവരി 6–10, 2018

ദ്...കലക്കൂട്ട്...

കലയുടെ തൃശൂർ കൂട്ട്

എഴുത്ത്

ഉണ്ണി കെ. വാരിയർ
സന്തോഷ് ജോൺ തൂവൽ
ടിഎസ് ദിവ്യ
അരുൺ എഴുത്തച്ഛൻ
ടി. അജീഷ്
നഹാസ് മുഹമ്മദ്
നവീൻ മോഹൻ
വി. മിത്രൻ
എസ്.പി. ശരത്
ഷിന്റോ ജോസഫ്
ജസ്റ്റിൻ മാത്യു
സുബിൻ എം. തോമസ്
പിങ്കി ബേബി
രാജേഷ് നോയൽ
സായൂജ്യ സെബാസ്റ്റ്യൻ

കലയുടെ രാപകൽ പൂരത്തിന് കൊടിയേറ്റ്

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനത്തിന് മുഖ്യമന്ത്രിക്കു പകരം സ്പീക്കർ

മനോരമ ലേഖകൻ

തൃശൂർ ● കലയുടെ കെടാവിളക്കുണർന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തിനു തേക്കിൻകാട് മൈതാനത്തു തിരി തെളിഞ്ഞു. സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനതലത്തിൽ ഉദിച്ചുയരുന്ന കലോത്സവ പ്രതിഭകൾക്കു പിന്നീട് എന്തു സംഭവിക്കുന്നെന്ന് അന്വേഷിക്കണമെന്നു സ്പീക്കർ അഭിപ്രായപ്പെട്ടു. കലോത്സവ പ്രതിഭകൾക്കു കലാരംഗത്തു തുടരാൻ സർക്കാർ ഇടപെടലുണ്ടാകണം. കലയുടെ ഉത്സവവും കലയുടെ മത്സരവും തമ്മിലുള്ള വൈരുധ്യം ഇല്ലാതാകുന്നു എന്നതാണ് ഈ കലോത്സവത്തിന്റെ സവിശേഷതയെന്നും സ്പീക്കർ പറഞ്ഞു.

മന്ത്രി സി.രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. കല, കായിക, ശാസ്ത്ര ഉത്സവങ്ങളിലെ പ്രതിഭകൾക്കു സർഗസംഗമം സംഘടിപ്പിക്കുമെന്നു മന്ത്രി പറഞ്ഞു. മന്ത്രിമാരായ എ.സി.മൊയ്തീൻ, വി.എസ്.സുനിൽ കുമാർ, എംപിമാരായ സി.എൻ.ജയദേവൻ, പി.കെ.ബിജു, സി.പി.നാരായണൻ, എംഎൽഎമാരായ ബി.ഡി.ദേവസി, കെ.വി.അബ്ദുൽ ഖാദർ, മുരളി പെരുനെല്ലി, ഗീത ഗോപി, കെ.രാജൻ, യു.ആർ.പ്രദീപ്, കെ.യു.അരുണൻ, ഇ.ടി.ടൈസൺ, വി.ആർ.സുനിൽ കുമാർ, കലക്ടർ എ.കൗശിഗൻ, അസി. കലക്ടർ രേണുരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

മുഖ്യവേദിയുടെ പേരിലുള്ള നീർമാതളത്തൈ നൽകിയാണു സ്പീക്കറെ കലോത്സവ വേദിയിലേക്കു സ്വാഗതം ചെയ്തത്. സ്വാഗതഗാനവും നൃത്താവിഷ്കാരവും കാണികൾക്കു വിരുന്നായി. പെരുവനം കുട്ടൻമാരാരുടെ സാന്നിധ്യത്തിൽ പെരുവനം ശങ്കരമാരാരുടെ അഷ്ടപദിയോടെയാണു ചടങ്ങുകൾ ആരംഭിച്ചത്. കലോത്സവം 10നു സമാപിക്കും.

ഉദ്ഘാടനസമ്മേളനം ആരംഭിച്ചത് രണ്ടു മണിക്കൂർ വൈകി

തൃശൂർ ● കലോത്സവം ഉദ്ഘാടനം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ എത്തിയില്ല. മുഖ്യമന്ത്രി പങ്കെടുക്കില്ലെന്ന് ഔദ്യോഗിക അറിയിപ്പു ലഭിക്കാൻ വൈകിയതു മൂലം കലോത്സവത്തിന്റെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചതു രണ്ടു മണിക്കൂർ കാത്തിരിപ്പിനു ശേഷം. സിപിഎം കൊല്ലം ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കാനുള്ളതിനാൽ വരാൻ കഴിയില്ലെന്നാണു സംഘാടകർക്കു ലഭിച്ച വിവരം. മുഖ്യമന്ത്രി പങ്കെടുക്കാത്തതിൽ പ്രതിഷേധിച്ച് എബിവിപി പ്രവർത്തകർ വേദിയിലേക്കു മാർച്ച് നടത്തി. പൊലീസ് ബലപ്രയോഗത്തിലൂടെയാണ് ഇവരെ നീക്കിയത്.

മുഖ്യമന്ത്രി എത്തില്ലെന്ന് ഉറപ്പായതിനുശേഷം ഉദ്ഘാടന സമ്മേളനം ആരംഭിച്ചതു രണ്ടു മണിക്കൂർ വൈകിയാണ്. സമ്മേളനം അവസാനിച്ചത് 12.45ന്. ഇത്ര നേരം ചമയമണിഞ്ഞു പ്രധാനവേദിയിൽ കാത്തിരുന്ന മോഹിനിയാട്ടത്തിനുള്ള കുട്ടികൾ ദുരിതത്തിലായി. രണ്ടേകാൽ മണിക്കൂർ വൈകി 1.15നാണു മോഹിനിയാട്ടം തുടങ്ങിയത്.

മുഖ്യമന്ത്രി എത്താതിരുന്നതു കലാപ്രതിഭകളോടുള്ള അവഹേളനമാണെന്നു ഡിസിസി പ്രസിഡന്റ് ടി.എൻ. പ്രതാപൻ ആരോപിച്ചു. മുഖ്യമന്ത്രിയുടെ നടപടിയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരും പ്രതിഷേധിച്ചു. മുഖ്യമന്ത്രി ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കാതിരുന്നത് കലയോടും കുട്ടികളോടുമുള്ള അവഹേളനമാണെന്ന് കെഎസ്‌യു സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത് കുറ്റപ്പെടുത്തി.

സംസ്ഥാന സ്കൂൾ കലോത്സവം തൃശൂരിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഗായകൻ പി. ജയചന്ദ്രൻ, മന്ത്രിമാരായ വി.എസ്. സുനിൽകുമാർ, സി. രവീന്ദ്രനാഥ്, തേറമ്പിൽ രാമകൃഷ്ണൻ, സി.പി. നാരായണൻ എംപി, മന്ത്രി എ.സി. മൊയ്തീൻ തുടങ്ങിയവർ സമീപം.

പൂരത്തിന്റെ മണ്ണ്
കലക്കൂട്ടണിഞ്ഞു.
എങ്ങും കാണികളുടെ
പൂരപ്പാച്ചിൽ!
കലോൽസവം
വൻ വിജയമാക്കാൻ
നാടും നാട്ടാരും
ഒരുമിക്കുന്ന
പൂരാവേശക്കാഴ്ച.
നൃത്തഇനങ്ങളോടെ
തുടങ്ങിയ ആദ്യദിനം
കലാസമ്പന്നം.
വിശ്രമമില്ലാത്ത പകൽ,
നഗരം
ഉറങ്ങാത്ത
രാത്രി



തൃശൂർ സംഗീതനാടക അക്കാദമി വേദിയിൽ ഹൈസ്കൂൾ വിഭാഗം യക്ഷഗാനമത്സരത്തിൽ കലാകാരന്റെ ഭാവം.

ചിത്രം

ഉണ്ണി കോട്ടക്കൽ
വിബി ജോബ്
ആർ.എസ്. ഗോപൻ
സമീർ എ. ഹമീദ്
അബു ഹാഷിം
റിങ്കുരാജ് മട്ടാഞ്ചേരിയിൽ
ധനേഷ് അശോകൻ
ഫഹദ് മുനീർ
അരവിന്ദ് വേണുഗോപാൽ
ജിബിൻ ചെമ്പോല
രാഹുൽ പട്ടം

അന്നു പന്തലില്ല, ഭക്ഷണപ്പുരയും

അറുപതു വർഷത്തിനിടെ കലോത്സവത്തിന്റെ നടത്തിപ്പിലുണ്ടായ മാറ്റം

1958 - 2018

ബജറ്റ്: ഒരു വിദ്യാഭ്യാസ ജില്ലയ്ക്ക് 1200 രൂപ ബജറ്റ്: ഒരു കോടി രൂപ
ഇനങ്ങൾ: 15 ഇനങ്ങൾ 231 ഇനങ്ങൾ
മത്സരിക്കുന്നവർ: ഇരുന്നൂറിൽ താഴെ പതിനായിരത്തിലധികം (12,000)
വിദ്യാഭ്യാസ ജില്ലയ്ക്കു ട്രോഫി 117 പവന്റെ സ്വർണക്കപ്പ്

ആർഭാടങ്ങളൊന്നുമില്ലാതെ എളിയ രീതിയിൽ നടത്തിയ ആദ്യകാല കലോത്സവങ്ങൾക്കു തുച്ഛമായ സംഖ്യ മാത്രമേ ചെലവു വന്നിരുന്നുള്ളൂ. ആദ്യ കലോത്സവത്തിൽ പന്തലോ ഭക്ഷണപ്പുരയോ ഉണ്ടായില്ല. അടിയന്തരാവസ്ഥക്കാലത്തും സാമ്പത്തിക മാന്ദ്യകാലത്തും കലോത്സവം ആർഭാടമില്ലാത നടത്തിയതായും നിയമസഭാ രേഖകളിൽ കാണുന്നു. കമനീയമായ പന്തലും ആകർഷകമായ ക്രമീകരണങ്ങളുമായി ശ്രദ്ധിക്കപ്പെട്ട ആദ്യ കലോത്സവം 1965ൽ ഷൊർണൂരിൽ നടത്തിയതായിരുന്നു.

ആ കലോത്സവത്തിന്റെ ആകെ ബജറ്റ് 10,250 രൂപയായിരുന്നു.



ബജറ്റിന്റെ വളർച്ച

വർഷം	വേദി	ബജറ്റ്
1965	ഷൊർണൂർ	10,250 രൂപ
1968	തൃശൂർ	22,000
1970	ഇരിങ്ങാലക്കുട	40,000
1976	കോഴിക്കോട്	1,5 ലക്ഷം
1980	തിരുവനന്തപുരം	3,25 ലക്ഷം
1982	കണ്ണൂർ	5 ലക്ഷം
1988	കൊല്ലം	12 ലക്ഷം
1992	തിരൂർ	16 ലക്ഷം
2003	ആലപ്പുഴ	28 ലക്ഷം
2010	കോഴിക്കോട്	1,2 കോടി
2018	തൃശൂർ	ഒന്നര കോടി

1957ൽ രണ്ടു ദിവസങ്ങളിലായി നടന്ന കലോത്സവം 2009ൽ തിരുവനന്തപുരത്ത് എത്തിയപ്പോഴേക്ക് ഒരാഴ്ച നീളുന്ന ഉത്സവമായി.

1957– 59– രണ്ടു ദിവസം
1960– 1983– മൂന്നു ദിവസം
1984– 1991– നാലു ദിവസം
1992– 2008– അഞ്ചു ദിവസം
2009– 2010– ഏഴു ദിവസം

- 1958ൽ തിരുവിതാംകൂർ- കൊച്ചിയിലെ 14 വിദ്യാഭ്യാസ ജില്ലകൾക്കു 1,200 രൂപ വീതവും മലബാറിലെ ആറു വിദ്യാഭ്യാസ ജില്ലകൾക്കു 600 രൂപ വീതവുമാണു കലോത്സവ നടത്തിപ്പിന് അനുവദിച്ചത്. അന്നു കലോത്സവച്ചെലവിന്റെ അടങ്കൽ സമർപ്പിക്കുമ്പോൾ മലബാർ പ്രദേശത്തു മൂന്നു വിദ്യാഭ്യാസ ജില്ലകൾ മാത്രമാണ് ഉണ്ടായത് (പാലക്കാട്, കോഴിക്കോട്, തലശേരി). മലപ്പുറം, കാസർകോട്, ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലകൾ പിന്നീടാണു രൂപീകരിച്ചത്.

സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനദിനക്കാഴ്ചകൾ.